**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 37 — 06.02.2013-ലെ മറുപടിയ്ക്ക്

# സഹകരണസ്ഥാപനങ്ങളുടെ വികസനത്തിനുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>,, പി. സി. ജോർജ് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന 'മാർക്കറ്റ് ഇന്റർവെൻഷൻ' പദ്ധതികൾ എന്തെല്ലാമാണ്; | (എ) പൊതു വിപണിയിലുണ്ടാകുന്ന വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനായി സഹകരണ സംഘങ്ങൾ മുഖേന ഉത്സവകാല വിപണികൾ, 10 ഇനം നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയെക്കാൾ കുറച്ച് വർഷം മുഴുവൻ 20% വിലക്കുറവിൽ ലഭ്യമാക്കുന്ന നന്മ സ്റ്റോറുകൾ, എന്നിവ നടത്തിവരുന്നുണ്ട്. കൂടാതെ കാർഷിക ഉൽപ്പന്നങ്ങൾക്ക് ഉണ്ടാകുന്ന വിലയിടിവ് തടയുന്നതിനും, കർഷകർക്ക് ന്യായമായ വില ഉറപ്പാക്കുന്നതിനും നെല്ല്, നാളികേരം/കൊപ്രാ എന്നിവയുടെ സംഭരണവും നടത്തി വരുന്നുണ്ട്. |
| (ബി) സഹകരണ സ്ഥാപനങ്ങൾ സ്വകാര്യമേഖലയിൽനിന്ന് നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കാൻ പുതിയ കർമ്മ പദ്ധതികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) പരിഗണിയ്ക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു സംസ്ഥാനതല കൺസോർഷ്യം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ? | (സി) | സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി താലൂക്ക്, ജില്ലാ-സംസ്ഥാന തലങ്ങളിൽ നിലവിൽ വകുപ്പുതല സംവിധാനങ്ങളുണ്ട്. മാത്രമല്ല സർക്കിൾ സഹകരണ യൂണിയനുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ യൂണിയൻ, മറ്റ് അപ്പക്സ് സ്ഥാപനങ്ങൾ എന്നിവ താലൂക്ക്, ജില്ലാ തലങ്ങളിലെയും അതാത് മേഖലകളിലെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കി വരുന്നു. ആയതിനാൽ ടി വിഷയത്തിൽ ഒരു സംസ്ഥാനതല കൺസോർഷ്യം രൂപീകരിക്കേണ്ട ആവശ്യകത ഇപ്പോൾ ഉള്ളതായി തോന്നുന്നില്ല. |

സെക്ഷൻ ഓഫീസർ